ശബരിമലയിൽ കൂടുതൽ വനഭൂമി ലഭ്യമാക്കാൻ പദ്ധതി

71.(1126) ശ്രീ. വി . ബാലറാം :
ശ്രീ. എ. കെ. മണി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല ക്ഷേത്രത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വികസനം മെച്ചപ്പെടുത്തുന്നതിനുമായി ശബരിമലയിൽ കൂടുതൽ വനഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ കത്ത് എന്നൊക്കെ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ കത്തുകളിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) ഈ കത്തുകൾക്ക് മറുപടി നൽകിയോ ; എങ്കിൽ എന്ന് ;

(ഡി) ഈ കത്തുകൾക്ക് മറുപടി അയ്ക്കുന്നതിന് കാലതാമസമുണ്ടായോ ; എങ്കിൽ കാരണമെന്ത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല ക്ഷേത്രത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വികസനം മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രഗവൺമെന്റിലേക്ക് സമർപ്പിച്ച 20 ഹെക്ടർ വനഭൂമിയുടെ അപേക്ഷ സംബന്ധിച്ച് താഴെപറയുന്ന കത്തുകൾ ലഭിച്ചിട്ടുണ്ട്.

1. എഫ്.സി.എ./16.1/കെ.ഇ.ആർ./എം.ഐ.എസ്.സി/ തീയതി 13-6-1997 ലഭിച്ച തീയതി 3-7-1997.
2. എഫ്.സി.എ./16.1/കെ.ഇ.ആർ./എം.ഐ.എസ്.സി 9/97 ലഭിച്ച തീയതി. 6-9-1997.
3. എഫ്.സി.എ/16.1/കെ.ഇ.ആർ./എം.ഐ.എസ്.സി/55 തീയതി. 13-5-1999 ലഭിച്ച തീയതി 15-5-1999.
4. എഫ്.സി.എ/16.1/കെ.ഇ.ആർ./മിസ്/55 തീയതി 5-7-1999 ലഭിച്ച തീയതി 27-7-1999.

(ബി) 20 ഹെക്ടറിനെ സംബന്ധിച്ച് ലഭിച്ച കത്തുകൾ പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ (അഡീഷണൽ ഇൻഫർമേഷൻ) ആവശ്യപ്പെട്ടു കൊണ്ടുള്ളവയാണ്.

(സി) നൽകിയിട്ടുണ്ട്. 12-2-1997-ൽ നൽകി. 15-5-1999-ന് ലഭിച്ച കത്ത് ശബരിമല സന്ദർശിക്കുന്നതിനായി കേന്ദ്രസംഘം ജൂൺ മാസം 3,4,5 തീയതികളിൽ എത്തുമെന്ന അറിയിപ്പായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

27-7-1999-ൽ ലഭിച്ച കത്ത് ശബലിമലയിലെ 20ഹെ. വനഭൂമി സംബന്ധിച്ചുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് വിശ്വസനീയമായ ഒരു ഏജൻസിയെക്കൊണ്ട് ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു.

(ഡി) കാലതാമസം ഉണ്ടായിട്ടില്ല.

തൃശ്ശൂർ ഡി. എഫ്.ഒ.യുടെ കീഴിലുള്ള ഡിപ്പോകളിലെ വാച്ചർ തസ്തിക

72 (1127) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ തൃശ്ശൂർ ഡി.എഫ്.ഒ.യുടെ കീഴിൽ വരുന്ന ടിംബർ ഡിപ്പോകളിൽ നിലവിലുള്ള പി. എസ്.സി.യുടെ ഡിപ്പോ വാച്ചർ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട് ; നിയമനം ലഭിച്ചവരുടെ റാങ്ക് തിരിച്ചും ജാതിതിരിച്ചുമുള്ള കണക്ക് നൽകുമോ ;

(ബി) നോൺ ജോയിനിംഗ് വേക്കൻസികൾ പി. എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) 2000 മാർച്ച് 31-നകം എത്ര റിട്ടയർമെന്റ് വേക്കൻസികൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനംവകുപ്പിൽ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിൽ ടിംബർ ഡിപ്പോകൾ നിലവിലില്ലാത്തതിനാൽ ഡിപ്പോ വാച്ചർമാരെ നിയമിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ബി & സി) 'എ' യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റബ്ബർ തടി കൊണ്ടുപോകുന്നതിന് അനുമതി

73 (1128) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റബ്ബർ തടി അന്യ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് അനുമതി നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

വയനാട് ജില്ലയിൽ വനത്തിനകത്ത് താമസിപ്പിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ

74(1129) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ വനത്തിനകത്ത് താമസിപ്പിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏത് വരെയായി എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly